15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4636 — 19-07-2022 - ൽ മറുപടിയ്ക്ക്

ഇടുക്കി ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **ഇടുക്കി ജില്ലയിൽ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024ലോടെ കുടിവെള്ളം എത്തിക്കുന്നതിനായി 52 പഞ്ചായത്തുകളിലായി 241121 കുടിവെള്ള കണക്ഷനുകൾ നൽകുവാനായി 2757.48 കോടി രൂപയുടെ ഭരണാനുമതി ജല ജീവൻ മിഷനിൽ നൽകിയിട്ടുണ്ട് . ഇതിൽ 20198 കണക്ഷനുകൾ ഇതു വരെ നൽകിക്കഴിഞ്ഞു. ആയതിന് 42.2385 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് . കിഫ്ബിയിൽ ഉൾപ്പെടുത്തി അയ്യപ്പൻകോവിൽ കുടിവെള്ള പദ്ധതിക്ക് 46.424 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഈ പദ്ധതിയുടെ ഭാഗമായി തോണിത്തടിയിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി കരാർ ഒപ്പിട്ട് പുരോഗമിച്ച് വരുന്നു. സിവിൽ, ഇലക്ട്രോമെക്കാനിക്കൽ പൈപ്പ് ലൈൻ വർക്കുകൾക്ക് പല തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ദർഘാസുകൾക്കൊന്നും തന്നെ അംഗീകാരം നൽകാനായില്ല. നിലവിൽ 27/07/2022-ൽ ദർഘാസ് തുറക്കത്തക്ക രീതിയിൽ വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട് . മുട്ടം, കരിങ്കുന്നം പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണത്തിനായി നബാർഡ് -ആർ.ഐ.ഡി.എഫ് -XXVI വാട്ടർ സപ്ലൈ പ്രൊജക്ടിൽ ഉൾപ്പെടുത്തി 6114 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന 5.5863 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വലിയാമറ്റം, ആലക്കോട് , ശുദ്ധജല വിതരണ പദ്ധതിയുടെ 97% പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ട് . ഈ പ്രവൃത്തി ഈ വർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് . കിഫ്ബിയിൽ ഉൾപ്പെടുത്തി തൊടുപുഴ നഗരസഭയിൽ വിതരണശൃഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി 82.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .** |

| | | | |
|---|---|---|---|
| | | | **സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ശേഷി കുറഞ്ഞതും, കേടായതുമായ പമ്പ് സെറ്റുകൾ മാറ്റിവക്കൽ , പഴയതും കേടുപാടുകൾ സംഭവിച്ചതുമായ പൈപ്പ് ലൈനുകൾ മാറ്റിയിടൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 390.89 ലക്ഷം രൂപയുടെ 16 പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകൾ മുതലായവ നിക്ഷേപിക്കുന്ന തുകയ്ക്ക് അവയുടെ ആവശ്യാനുസരണം കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.** |
| (ബി) | പീരുമേട് ഡിവിഷന് കീഴിൽ കുമളിയിൽ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കാമോ; | (ബി) | **കേരള വാട്ടർ അതോറിറ്റിക്ക് പീരുമേട് ഡിവിഷൻ ഓഫീസ് ഇല്ല. പീരുമേട് സബ്-ഡിവിഷന് കീഴിൽ കുമളിയിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .** |
| (സി) | സംസ്ഥാനത്ത് ജലജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്; | (സി) | **സംസ്ഥാനത്ത് ജലജീവൻ മിഷന്റെ കീഴിൽ ഗ്രാമീണമേഖലയിൽ 5289763 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 38951.98 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് .** |
| (ഡി) | ഇടുക്കി ജില്ലയിൽ ജലജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്; വിശദമാക്കാമോ; | (ഡി) | **ഇടുക്കി ജില്ലയിൽ ജലജീവൻ മിഷന്റെ കീഴിൽ 241121 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 2757.48 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ഇ) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇടുക്കി ജില്ലയിൽ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഇ) | **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അയ്യപ്പൻകോവിൽ പദ്ധതിയുടെ ഭാഗമായി തോണിത്തടിയിൽ 3.25 കോടി രൂപയുടെ ചെക്ക്ഡാമിന്റെ പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാർ, വട്ടവട, മാങ്കുളം, എന്നിവിടങ്ങളിൽ ഓരോ ചെക്ക് ഡാമുകൾക്കും ഇടമലക്കുടി പഞ്ചായത്തിൽ 7 ചെക്ക് ഡാമുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ